**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 823** **14-10-2026-ൽ മറുപടിയ്ക്ക്**

**വനാതിർത്തിയിലെ കുടുംബങ്ങളുടെ പുനരധിവാസം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വന്യജീവി സംഘർഷവും പ്രകൃതിദുരന്ത സാധ്യതയുമുള്ള മേഖലകളിൽനിന്ന് 2950 കുടുംബങ്ങളെ സംരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** ഉണ്ട്.

RKDP / KIIFB ഫണ്ട് വിനിയോഗിച്ച് 'നവകിരണം' സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി സംസ്ഥാനത്തെ 16 വനം ഡിവിഷനുകളിലായി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയിലൂടെ നാളിതുവരെയായി 1,169 കുടുംബ യൂണിറ്റുകളെ വിവിധ വനമേഖലകളിൽ നിന്നും മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ വിവിധ ഡിവിഷനുകളിൽ നിന്നായി മൂവായിരത്തോളം കുടുംബങ്ങൾ പദ്ധതിയിൽ പങ്കാളികളാകുവാൻ താല്പര്യം പ്രകടിപ്പിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ തയ്യാറാക്കി നൽകുന്ന മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതക്ക് വിധേയമായി പദ്ധതി തുക അനുവദിച്ച വരുന്നു.

**(ബി)** ആദിവാസി ഉന്നതികളിലും വനാതിർത്തിയിലെ ജനവാസ കേന്ദ്രങ്ങളിലും ഉള്ള കുടുംബങ്ങളെയാണോ ഘട്ടംഘട്ടമായി പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ആദിവാസി ഇതര വിഭാഗത്തിൽപ്പെട്ട സ്വകാര്യ ഭൂവുടമകളെയാണ് ഈ പദ്ധതിയിൽ പരിഗണിക്കുന്നത്.

**(സി)** ആദിവാസി കുടുംബങ്ങളുടെ പരമ്പരാഗത ജീവിതരീതിയും അവകാശങ്ങളും സംരക്ഷിച്ചാണോ പുനരധിവാസം എന്നും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്ന സമഗ്ര പദ്ധതിയാണോ ഇതെന്നും വിശദമാക്കുമോ?

**മറുപടി:** ആദിവാസി ഇതര വിഭാഗത്തിൽപ്പെട്ട സ്വകാര്യ ഭൂവുടമകളെയാണ് ഈ പദ്ധതിയിൽ പരിഗണിക്കുന്നത്.

**സെക്ഷൻ ഓഫീസർ**